**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3978** **17-03-2025 - ൽ മറുപടിയ്ക്ക്**

**ആശാവർക്കർമാരുടെ ശമ്പളം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ആശാവർക്കർമാരുടെ ഓണറേറിയം/ശമ്പളം/ഇൻസന്റീവ്, മറ്റ് അലവൻസുകൾ എന്നിവ നൽകുന്നതിന് ഈ സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ എത്ര തുകയാണ് വകയിരുത്തിയിരുന്നതെന്ന് അറിയിക്കാമോ; വകയിരുത്തിയതിൽ എത്ര തുകയാണ് അനുവദിച്ചതെന്നത് സംബന്ധിച്ച കണക്കുകൾ ലഭ്യമാക്കുമോ; | (എ) | ആശാവർക്കർമാരുടെ ഓണറേറിയം നൽകുന്നത് സംസ്ഥാന സർക്കാരിന്റെ നോൺ പ്ലാൻ ശീർഷകത്തിൽ നിന്നാണ്. ഈ സാമ്പത്തിക വർഷം സംസ്ഥാന സർക്കാർ നോൺ പ്ലാൻ ശീർഷകത്തിൽ ഇതിനായി വകയിരുത്തിയത് 210.09 കോടി രൂപയായിരുന്നു. മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ട്. ആശാവർക്കർമാരുടെ ഇൻസെന്റീവ് നൽകുന്നതിന് ഈ സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ അംഗീകരിച്ച തുക 149.4 കോടി രൂപയായിരുന്നു. ഇതിന്റെ 60 ശതമാനമായ 89.64 കോടി രൂപയാണ് കേന്ദ്രം അനുവദിക്കേണ്ടത്. ഈ തുക ഉൾപ്പടെ 467.48 കോടി രൂപ ഇതുവരെ നാഷണൽ ഹെൽത്ത് മിഷന്റെ ക്യാഷ് ഗ്രാൻറ് ആയി കേന്ദ്രം അനുവദിച്ചു. ഈ സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ, സംസ്ഥാന സർക്കാറിന് അനുവദിച്ച അടങ്കൽ തുക മുഴുവൻ ഇതുവരെ അനുവദിച്ചിട്ടുണ്ട്. സംസ്ഥാന വിഹിതമുൾപ്പടെ ഇതുവരെ 104.58 കോടി രൂപ ആശാവർക്കർമാരുടെ ഇൻസെന്റീവ് നൽകുന്നതിന് ചെലവഴിച്ചിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷത്തെ കേന്ദ്ര ക്യാഷ് ഗ്രാന്റാണ് പൂർണമായും കുടിശ്ശിക ആയിട്ടുള്ളത്. |
| (ബി) | ആശാവർക്കർമാരുടെ ഓണറേറിയം/ശമ്പളം/ഇൻസന്റീവ്, മറ്റ് അലവൻസുകൾ ഉൾപ്പടെ നിശ്ചയിക്കാനും ഉയർത്താനുമുള്ള അധികാരം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമാണെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ആശമാർക്ക് ഫിക്സഡ് ഇൻസെന്റീവുകളും ചെയ്യുന്ന സേവനങ്ങൾക്കനുസരിച്ച് വിവിധ ആരോഗ്യ പദ്ധതികളിൽ നിന്നും ലഭിക്കുന്ന ഇൻസെന്റീവുകളും കേന്ദ്ര സംസ്ഥാന സർക്കാർ 60:40 എന്ന ആനുപാതത്തിൽ നൽകി വരുന്നു. ഇൻസെന്റീവുകളുടെ തുക ഉയർത്തേണ്ടത് കേന്ദ്ര സർക്കാർ ആണ്. എന്നാൽ ഹോണറേറിയം മുഴുവൻ സംസ്ഥാന സർക്കാറിന്റെ ബജറ്റ് വിഹിതത്തിൽ നിന്നുമാണ് ചെലവഴിക്കുന്നത്. |
| (സി) | ആശാവർക്കർമാർക്കുള്ള ഓണറേറിയം/ശമ്പളം/ഇൻസന്റീവ്, മറ്റ് അലവൻസുകൾ നൽകുന്നതിനുള്ള | (സി) | ഈ വർഷത്തെ അല്ല. 2023-24 സാമ്പത്തിക വർഷത്തെ തുകയാണ് പൂർണ്ണമായി |

| | | | |
|---|---|---|---|
| | തുക കേന്ദ്രം ഈ സാമ്പത്തിക വർഷം കുടിശിക വരുത്തിയിട്ടുണ്ടോ; എത്ര തുകയാണ് കുടിശികയായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | | കുടിശ്ശികയായിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ